ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

165 (8001) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് പരിഹാരമാർഗമാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) തകർച്ച നേരിടുന്ന ബീഡി വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര തൊഴിലാളികളും കുടുംബങ്ങളും ദുരിതമനുഭവിക്കുന്നുണ്ട് എന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവർക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ ;

(ഇ) ഈ മേഖലയിൽ പ്രവർത്തിച്ചവർക്ക് സർക്കാർ നൽകേണ്ട പല ആനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിൽ നഷ്ടപ്പെട്ട 45 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള ദിനേശ്ബീഡി തൊഴിലാളികൾക്ക് 2009 ജൂൺ മാസം മുതൽ 500 രൂപ പ്രതിമാസ പെൻഷൻ അനുവദിച്ചിട്ടുള്ളതും പ്രസ്തുത പെൻഷൻ തുക 2013 ഫെബ്രുവരി മാസം വരെ വിതരണം ചെയ്തിട്ടുള്ളതുമാണ്. ബീഡി മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കൂസാറ്റ് എന്ന സ്ഥാപനം മുഖേന പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ മറ്റുവകുപ്പുകളെ ഏകോപിപ്പിച്ച് പാക്കേജ് നടപ്പിലാക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള ദിനേശ്ബീഡി തൊഴിലാളികളുടെ 2780 കുടുംബങ്ങൾ അനാരോഗ്യം കാരണം ജോലി ഉപേക്ഷിച്ചതായി കണക്കാക്കുന്നു.

(ഡി) പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഹാന്റ് ഹോൾഡിംങ് സർവ്വീസ് നടത്തുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകുക, ബീഡി തൊഴിലാളികളെ കാർഷികാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കി പുനരധിവസിപ്പിക്കുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അനാരോഗ്യവും തൊഴിൽകുറവും കാരണം തൊഴിൽ നഷ്ടപ്പെട്ട 45 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള ദിനേശ്ബീഡി തൊഴിലാളികൾക്ക് 2013 മാർച്ച് മാസം മുതലുള്ള ആശ്വാസപെൻഷൻ കുടിശ്ശിക ഉക അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ

166 (8002) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. സംരംഭകത്വ സഹായ പദ്ധതിയിൻകീഴിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് 26-2-2015 മുതൽ 28-2-2015 വരെ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ബിസിനസ് ടു ബിസിനസ് മീറ്റിൽ റബ്ബർ അധിഷ്ഠിത വ്യവസായ മേഖലക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. കേരളത്തിലെ റബ്ബർ മേഖലയിലുള്ള ഇടത്തരം, ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തുള്ള വിപണികളിലേക്ക് വഴി തുറക്കുവാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

താലൂക്ക് തല വ്യവസായ ഓഫീസുകൾ

167 (8003) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ചിട്ടുള്ള താലൂക്കുകളിൽ താലൂക്ക്തല വ്യവസായ ഓഫീസുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly